**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4037** **28-06-2024 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കൊണ്ടോട്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി നവീകരണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | **കൊണ്ടോട്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി നവീകരണത്തിനായി** കിഫ്ബി ധനസഹായത്തോടുകൂടി 32,34,91,473/- രൂപയുടെ ഭരണാനുമതിയും, 36,19,09,097/- രൂപയുടെ സാമ്പത്തികാനുമതിയും, തുടർന്ന് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ നിർവ്വഹണ ഏജൻസി തലത്തിൽ പൂർത്തീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി അൺഫിറ്റായ 11 പഴയ ബിൽഡിംഗുകൾ പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. താലൂക്ക് ആസ്ഥാന ആശുപത്രിയുടെ നിലവിലുള്ള കെട്ടിടങ്ങളുടെ ഫിനിഷിംഗ് പ്രവർത്തനത്തിനുവേണ്ടി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൻ കീഴിലുള്ള നിർമ്മാണ ജോലികൾക്കായി 4210-01-110-74 എന്ന ശീർഷകത്തിൽ അനുവദിച്ച പ്ലാൻ ഫണ്ടിൽ നിന്നും 113 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ കിഫ്ബി ഫണ്ടും പ്ലാൻ ഫണ്ടും ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ പുരോഗതി അറിയിക്കാമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു. |
| (സി) | 2021 മുതൽ പ്രസ്തുത ആശുപത്രിയിൽ പുതിയതായി ആരംഭിച്ച ചികിത്സാ വിഭാഗങ്ങൾ, തസ്തികകൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (സി) | 28.06.2017 തീയതിയിലെ GO(Ms) No.101/2017/H&FWD, ഉത്തരവ് പ്രകാരം 4സ്റ്റാഫ് നേഴ്സ്, 1 ലാബ് ടെക്നീഷ്യൻ തസ്തികകളും; 23.09.2017 തീയതിയിലെ GO(MS) No.136/2017/H&FWD പ്രകാരം JUNIOR CONSULTANT GENERAL MEDICINE -1, CASUALTY MEDICAL OFFICER -4, HOSPITAL ATTENDER GR 1 – 1 എന്നീ തസ്തികകളും, 22.09.2021 തീയതിയിലെ സ.ഉ.(കൈ) നം. 168/ 2021/ ആകുവ, പ്രകാരം, 2 സ്റ്റാഫ് നഴ്സ്, 1 ഫാർമസിസ്റ്റ് എന്നീ തസ്തികകളും കൊണ്ടോട്ടി |

| | | | |
|---|---|---|---|
| | | | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ സൃഷ്ടിച്ചിട്ടുണ്ട്.<br><br>2022 നവംബർ 29 ന് നിലവിലുള്ള സ്റ്റാഫിനെ ഉപയോഗിച്ച് കാഷ്വാലിറ്റി തുടങ്ങിയിട്ടുണ്ട്. കൊണ്ടോട്ടി താലൂക്ക് ആസ്ഥാന ആശുപത്രിയുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി മഞ്ചേരി മെഡിക്കൽ കോളേജിൽ നിന്നും ആരോഗ്യവകുപ്പിലെ അഞ്ച് (05) ഡോക്ടർമാരെ മാറ്റി നിയമിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ആശുപത്രിയിൽ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളുടെ പാറ്റേണിലുള്ള തസ്തികകൾ എന്നത്തേക്ക് അനുവദിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | മറുപടി (സി) പിരിവിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ